പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1279 — 06/02/2020-ൽ മറുപടിക്ക്

## എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അധ്യാപകരുടെ നിയമന അംഗീകാരം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.കെ.സി. മമ്മത് കോയ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിയമിക്കപ്പെട്ടിട്ടുള്ള നിരവധി അധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ പ്രകാരം നിയമിതരായ അദ്ധ്യാപകർക്കുള്ള നിയമനാംഗീകാരം നൽകുന്നതിന് കാലതാമസം നേരിടാറില്ല. ചട്ട പ്രകാരമല്ലാതെ, വ്യവസ്ഥാപിതമായ ഒഴിവുകളിലല്ലാതെ മാനേജർമാർ നടത്തിയ നിയമനങ്ങൾ, സംശയദൂരീകരണം ആവശ്യമുള്ളവ തുടങ്ങിയവ അംഗീകരിക്കുന്നതിനാണ് പ്രയാസം അനുഭവപ്പെടുന്നത്. ഇക്കാര്യത്തിന് അദാലത്തുകൾ നടത്തേണ്ട ആവശ്യകത ഉള്ളതായി കരുതുന്നില്ല. |
| (ബി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന നിയമന അംഗീകാരത്തിനുള്ള അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | |
| (സി) ഇത്തരം നടപടികൾക്കായി പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുണ്ടോ; നടത്തുന്ന കാര്യം പരിഗണിക്കാമോ; | |
| (ഡി) നിയമന അംഗീകാരത്തിനുള്ള നടപടികൾ അനിശ്ചിതമായി നീണ്ടുപോകുന്നതിനാൽ ഇത്തരം അധ്യാപകരെ ചില ഇടനിലക്കാർ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ഡി) 2019-20 വർഷം മുതൽ നിയമന അംഗീകാര ഫയലുകൾ ഓൺലൈൻ ആയാണ് തീർപ്പാക്കുന്നത്. ആയതിനാൽ ഇത്തരം ആശങ്കയ്ക്ക് വകയില്ല. |

സെക്ഷൻ ഓഫീസർ